LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 8, ചൊവ്വ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 1986 ജൂലായ് 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മോട്ടോർ വെഹിക്കിൾസ് ആക്ടിന് പ്രകാരം ഉപയോഗിക്കാൻ പറ്റാത്ത ട്രാൻസ്പോർട്ട് ബസ്സുകൾ

* 186 [217] ശ്രീ. സി. കെ. ചക്രപാണി:
,, ടി. കെ. അബ്ദു:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം യാത്രയ്ക്ക് ഉപയോഗിക്കാൻ പറ്റാത്ത ബസ്സുകൾ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസുകൾ പൂർണ്ണമായി നടത്തണമെങ്കിൽ എത്ര ബസ്സുകൾ വേണം;

(സി) പുതുതായി ബസ്സുകൾ വാങ്ങാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): (എ) പതിനാറു വർഷത്തിനുമേൽ പഴക്കമുള്ള ഒൻപതു ഡബിൾ ഡക്കർ ബസ്സുകളാണ് ഇപ്രകാരം മോട്ടോർ വെഹിക്കിൾ വകുപ്പ് അധികൃതരുടെ അനുവാദത്തോടുകൂടി ഓടിക്കുന്നത്.

(ബി) നിലവിലുള്ള 3105 ഷെഡ്യൂളുകൾ പൂർണ്ണമായി നടത്താൻ 17 ശതമാനം സ്പെയർ ബസ് അടക്കം 3633 ബസ്സുകൾ വേണം.

(സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 300 ബസ്സുകൾ വാങ്ങിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. അബ്ദു: മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം സർവ്വീസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആ വ്യവസ്ഥകൾ പൂർണ്ണമായും കോർപ്പറേഷൻ പരിശോധിച്ചിട്ടാണോ കോർപ്പറേഷന്റെ ബസ്സുകൾ റോഡിലേക്ക് ഇറക്കുന്നത്?

ശ്രീ. പി. കെ. വേലായുധൻ: മോട്ടോർ വെഹിക്കിൾസ് ആക്ടിലെ 177 (ബി) പ്രകാരമാണ് ബസ്സുകൾ ഓടിപ്പിക്കുന്നത്. കാലപ്പഴക്കം സംഭവിച്ച ബസ്സുകളെ സംബന്ധിച്ചിടത്തോളം ഓടിപ്പിക്കാൻ പറ്റുന്ന വയാണോയെന്ന് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർകൂടി പരിശോധിച്ചശേഷം കെ. എസ്. ആർ. ടി. സി. യുടെ അഭ്യർത്ഥനപ്രകാരമാണ് മേൽപ്പറഞ്ഞ ഒൻപതു ബസ്സുകൾ ഓടിക്കാൻ അനുവാദം കിട്ടിയിട്ടുള്ളത്.

ശ്രീ. ടി. കെ. അബ്ദു: നൂറിൽക്കൂടുതൽ ഷെഡ്യൂളുകളുള്ള ഒരു സ്റ്റേഷനിൽനിന്ന് ബസ്സുകൾ സ്ഥിരമായി ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി—ഏതെങ്കിലും തരത്തിൽ വണ്ടിക്കു കേടുവന്നാൽ—ആ ഷെഡ്യൂൾ പ്രകാരം വണ്ടി ഓടിക്കുന്നതിനുള്ള സ്പെയർ ബസ്സുകൾ ഏതെങ്കിലും സ്റ്റേഷനിൽ ഇടാൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: അതാണ് ഞാൻ സൂചിപ്പിച്ചത്, 17 ശതമാനം സ്പെയർ ബസ്സുകൾ വേണമെന്ന്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള സംവിധാനം നേരത്തേതന്നെ ചെയ്തിട്ടുണ്ട്. പക്ഷേ വണ്ടികളുടെ കേടുപാടുകൾ മൂലം ഗ്യാരേജുകളിലേക്കും വർക്ക്ഷാപ്പുകളിലേക്കും ബസ്സുകൾ പോകുമ്പോൾ ചിലപ്പോൾ പകരം ബസ് അയയ്ക്കാൻ സാധിക്കാതെ വരുന്നുണ്ട്. അങ്ങനെ ക്യാൻസലേഷൻ സംഭവിക്കുന്നുമുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ അടുത്ത എത്രമാസത്തിനുള്ളിൽ ആവശ്യമായ ബസ്സുകൾ വാങ്ങിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ഡിസംബറിനുമുമ്പ് വാങ്ങാൻ കഴിയുമെന്നുള്ള പ്രതീക്ഷയിലാണ് ധനകാര്യസ്ഥാപനങ്ങളുമായി കോർപ്പറേഷൻ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ രാജ്യത്തെ യാത്രക്കാർ ദിവസംതോറും ബ്രേക്ക് ഡൗൺമൂലം എത്ര ബസ്സുകളിൽനിന്ന് മറ്റ് ബസ്സുകളിലേക്കു കയറുന്നതിനുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അങ്ങനെ എത്രയാളുകൾക്ക് യാത്രചെയ്യേണ്ടിവരുന്നുവെന്നുള്ളതിനെപ്പറ്റി വല്ല കണക്കും കോർപ്പറേഷന്റെ കൈയിൽ ഉണ്ടോ? തിരുവനന്തപുരത്തുനിന്നും കൊല്ലംവരെ പോകുന്നതിനിടയിൽ പത്തു ബസ് എങ്കിലും ബ്രേക്ക് ഡൗൺ ആയിട്ടു കാണാൻ കഴിയും. അങ്ങനെയുള്ള ബ്രേക്ക് ഡൗൺ കുറയ്ക്കുന്നതിനും യാത്രക്കാർക്ക് സൗകര്യപ്രദമായി യാത്രചെയ്യുന്നതിനുമുള്ള സംവിധാനത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ഓരോ ദിവസവും ഉണ്ടാകുന്ന ബ്രേക്ക് ഡൗണിന്റെ കണക്കുകൾ കെ. എസ്. ആർ. ടി. സി. ക്ക് കിട്ടുന്നുണ്ട്. ബ്രേക്ക് ഡൗൺ ഒഴിവാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിവരുകയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ 3105 ഷെഡ്യൂളും അതിന്റെ 17 ശതമാനം സ്പെയർ ബസും ഉൾപ്പെടെ 3633 ബസ്സുകൾ വേണമെന്ന് പറഞ്ഞു. എന്നാൽ ഇപ്പോഴുള്ളതിന്റെ 40 ശതമാനത്തോളംമാത്രമേ ഓപ്പറേറ്റ് ചെയ്യുന്നുള്ളുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അത്തരം ബസ്സുകളിൽ ഈ പറഞ്ഞരീതിയിൽ മോട്ടോർ വെഹിക്കിൾസ് ആക്ടു പ്രകാരം യാത്രയ്ക്കുപയോഗിക്കാൻ പറ്റുന്ന ബസ്സുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. യുടെ കൈയിൽ ഇപ്പോൾ 3059 ബസ്സുകളുണ്ട്. 1—7—1986—ലെ കണക്കനുസരിച്ച് 2119 ബസ്സുകൾ ഓടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സഹകാര്യ സ്ഥാപനങ്ങളിലേക്ക് കെ. എസ്. ആർ. ടി. സി. യുടെ ബസ്സുകൾ കൊടുക്കുന്ന ഒരു സ്കീമുണ്ട്. അത് ഉപയോഗമില്ലാത്തതാണോ, ഓടിക്കാൻ പറ്റുന്നതാണോ? അങ്ങനെ ഓടിക്കാൻ പറ്റാത്തതാണെങ്കിൽ നമ്മുടെ പാപ്പിൽ, കല്ലറ, വാമനപുരം, നെല്ലാട് തുടങ്ങിയ സ്ഥലങ്ങളിലേക്കു ഇവിടെനിന്ന് ഒരു ബസ് ഓടിക്കുന്നുണ്ട്. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ആ റൂട്ടിൽ ഓടുന്ന ബസ്സിന്റെ സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ എന്നോട് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. സഹകാര്യസ്ഥാപനങ്ങളിലേക്ക് മാത്രമല്ല ഗവൺമെന്റുടമയിലുള്ള സ്ഥാപനങ്ങളിലേക്കും കെ. എസ്. ആർ. ടി. സി. യിൽ മോട്ടോർ വെഹിക്കിൾസ് ആക്ടനുസരിച്ച് ഉപയോഗിക്കാൻ പറ്റാത്ത ബസ്സുകൾ സാധാരണ ലഭ്യതയിൽ ജില്ലാകളക്ടർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നെസസിറ്റിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അലോട്ട് ചെയ്തു കൊടുക്കാറുണ്ട്. അത് നല്ല വാഹനങ്ങൾ അല്ല. കണ്ടം ചെയ്യാവുന്ന, സ്ക്രാപ് ചെയ്യാവുന്ന വാഹനങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ: റെയിൽവേ ഗതാഗതംവഴി ബന്ധപ്പെടാൻ സാധിക്കാത്ത ദേശസാൽകൃതമേഖലകളായ വയനാട്, ഹൈറേഞ്ച് തുടങ്ങിയുള്ള പ്രദേശങ്ങളിൽ ഷെഡ്യൂൾ കാൻസലേഷൻകൊണ്ട് യാത്രക്കാർ വളരെയധികം പ്രയാസമനുഭവിക്കുന്നുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് പുതിയതായി ബസ്സുകളിറക്കുമ്പോൾ ഈ മേഖലകൾക്ക് മുൻഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: വയനാടുപോലെയുള്ള പ്രദേശങ്ങളിൽ ഷെഡ്യൂൾ ക്യാൻസലാക്കേണ്ടിവന്നിട്ടുണ്ട്. വയനാട് ജില്ലയിൽ മൊത്തം 172 ബസ്സുകളാണുള്ളത്. അതിൽ 120—ഓളം ബസ്സുകൾ ഓടുന്നുണ്ട്. ബാക്കി ബസ്സുകൾ ഓടിപ്പിക്കാൻ കഴിയാത്തത് അത്യാവശ്യമായ സ്പെയർ പാർട്ടുകളുടെ കുറവു കൊണ്ടുമാത്രമാണ്. ജൂലൈമാസം 31 ആകുമ്പോഴേയ്ക്കും വയനാട് ജില്ലയിൽ സ്പെയർപാർട്ടുകളുടെ കുറവുകൊണ്ട് ഓടാതിരിക്കുന്ന മുഴുവൻ വണ്ടികളും ഓടിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ: ഇപ്പോൾ പല സന്ദർഭങ്ങളിലും എക്സ്പ്രസ് ബസ്സുകൾക്കുപകരം ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് ഓടിക്കുന്നത്. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി തന്നെ അതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ എക്സ്പ്രസ് ബസ്സുകളെന്ന പേരിൽ ഓടിക്കുമ്പോൾ ആ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചറിന് ഈടാക്കുന്നകൂലി മാത്രം യാത്രക്കാരിൽനിന്ന് ഈടാക്കാൻ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ പച്ച പെയിൻറടിച്ച് എക്സ്പ്രസ് ബസ്സുകളായി ഓടിക്കുന്നുണ്ട്, എക്സ്പ്രസ്സിൻെറ കൂലി ഈടാക്കുന്നുണ്ട് എന്നൊക്കെ പറഞ്ഞുകൊണ്ട് ഒരു പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ട്. 39 ബസ്സുകൾക്ക് എക്സ്പ്രസ് ബസ്സുകളെന്ന നിലയിൽ എല്ലാ സൗകര്യത്തോടുംകൂടി ബോഡി കെട്ടണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. 39 ബസ്സുകൾ അങ്ങനെ ബോഡി കെട്ടുന്നതിനുവേണ്ടി കൊടുത്തിരിക്കുകയാണ്. അങ്ങനെ ബോഡികെട്ടിവരുന്ന ബസ്സുകൾ ഇൻറർസ്റ്റേറ്റിൽ ഓടുന്ന ബസ്സുകൾ റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടിയാണ്. ഇപ്പോൾ കുറച്ച് ബസ്സുകൾ ലഭ്യമായിട്ടുണ്ട്. മുപ്പതുമുപ്പത്തഞ്ച് വണ്ടികളുണ്ട്. അത് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽനിന്ന് ഓപ്പറേറ് ചെയ്യുന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ (മൂന്നുലക്ഷത്തിലധികം കി. മീറ്റർ) ഓടിയിട്ടുള്ള ബസ്സുകൾ) റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടിയാണ് കൊടുത്തിട്ടുള്ളത്. ആ നടപടി പൂർത്തിയാകുമ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആ കുറവും സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശവും ഉപദേശവും ഗവൺമെൻറിന് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയും.

ശ്രീ. രാഘവൻ പൊഴക്കടവിൽ: 1982-നു ശേഷം കെ. എസ്. ആർ. ടി. സി. ഗവൺമെൻറിലേക്ക് അടയ്ക്കേണ്ടുന്ന തുക എത്രയായിരുന്നുവെന്നും അത് അടയ്ക്കാൻ പറ്റാത്തതുമൂലം ഗവൺമെൻറ് എഴുതിത്തള്ളിയ സംഖ്യ എത്രയാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിന്റെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി. യിൽനിന്നും ഗവൺമെൻറിന് 53 കോടി രൂപ നികുതി കുടിശ്ശിക കിട്ടാനുണ്ട്. എന്നാൽ കെ. എസ്. ആർ. ടി. സി. യുടെ കണക്കനുസരിച്ച് സർച്ചാർജ്ജ് ഉൾപ്പെടെ 21,28,10,873.41 രൂപയേ കൊടുക്കാനുള്ളൂ. കെ. എസ്. ആർ. ടി. സി. യും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറും തമ്മിലുള്ള കണക്കുകളുടെ അന്തരം പരിശോധിക്കുന്നതിന് കെ. എസ്. ആർ. ടി. സി. ചെയർമാനോടും ട്രാൻസ്പോർട്ട് കമ്മീഷണറോടും ഗവൺമെൻറ് സെക്രട്ടറിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഗവൺമെൻറ് എഴുതിത്തള്ളിയ സംഖ്യ എത്രയാണെന്നു ചോദിക്കുകയുണ്ടായി. 1978–79 മുതൽ 1980–81 വരെ 19,41,54,839.94 രൂപയും 1981–82–ൽ ഏഴു കോടി എഴുപത്തേഴു ലക്ഷം രൂപയും 1982–83–ൽ 12,07,67,463.80 രൂപയുമുൾപ്പെടെ 39,28,22,333.82 രൂപ 1978 മുതൽ 1983 വരെയുള്ള കാലയളവിൽ ഗവൺമെൻറ് എഴുതിത്തള്ളിയിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, തിരുവനന്തപുരം ജില്ല, പ്രത്യേകിച്ചും തിരുവനന്തപുരം ജില്ലയുടെ തെക്കൻ പ്രദേശങ്ങൾ പൂർണ്ണമായി ദേശവൽക്കരണം നടന്ന മേഖലയാണ്. അവിടെ ട്രാൻസ്പോർട്ട് ബസ്സല്ലാതെ യാത്രയ്ക്ക് മറ്റ് യാതൊരു സൗകര്യവുമില്ല. ഇക്കാര്യം പ്രത്യേകം കണക്കിലെടുത്തുകൊണ്ട്, തിരുവനന്തപുരം ജില്ലയ്ക്ക് തെക്കുള്ള പ്രദേശങ്ങൾ സമയത്തിന് ട്രാൻസ്പോർട്ട് ബസ് സർവ്വീസുകൾ നടത്താൻ മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: സമ്പൂർണ്ണമായും ദേശവൽക്കരിച്ച രണ്ടു മേഖലകളാണ് തിരുവനന്തപുരവും വയനാടും. തിരുവനന്തപുരം ജില്ലയിലെ മുഴുവൻ സർവ്വീസുകളും വയനാട് ജില്ലയിലെ മുഴുവൻ സർവ്വീസുകളും ഷെഡ്യൂളനുസരിച്ച് ഓടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പെയർ പാർട്സുകളുടെ കുറവ് പരിഹരിക്കുന്നതിന് അടുത്തദിവസമാണ് ഗവൺമെൻറിൽനിന്ന് ഒരുകോടി രൂപ കെ. എസ്. ആർ. ടി. സി. ക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ആ തുക ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ രണ്ടു മേഖലകളിലെ അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. ടി. എസ്. ജോൺ: കോർപ്പറേഷന് മൊത്തം 3102 ഷെഡ്യൂളുകളുണ്ട്. അതിന് 3633 ബസ്സുകൾ ആവശ്യമാണ്. എന്നാൽ ഇപ്പോൾ 3059 ബസ്സുകൾ മാത്രമേയുള്ളൂ എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എത്ര ശതമാനം ഷെഡ്യൂളുകൾ ഇപ്പോൾ ക്യാൻസൽ ചെയ്യുന്നുണ്ട്, ഇത്രമാത്രം ശോചനീയമായ സ്ഥിതി കോർപ്പറേഷന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേകമായ കാരണമെന്താണ്?

ശ്രീ. പി. കെ. വേലായുധൻ: കഴിഞ്ഞ അതിവർഷ കാലത്ത് നമ്മുടെ സംസ്ഥാനത്തെ മിക്കവാറും എല്ലാ റോഡുകളും കുണ്ടുംകുഴിയുമായി കിടക്കുകയും തുടർന്ന് ഗതാഗതം അസാദ്ധ്യമായിത്തീരുകയും ചെയ്തു. അതിനെത്തുടർന്ന് വാഹനങ്ങളുടെ പല ഭാഗങ്ങളും കേടാകുകയും അത് റീപ്ലേസ് ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക ശേഷി കെ. എസ്. ആർ. ടി. സി. ക്ക് ഇല്ലാതെ വരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളും ഗ്യാരേജുകളിലും ഡിപ്പോകളിലും കെട്ടിക്കിടക്കാനിടയായത്. ഇന്ന് ആ പ്രതിസന്ധി മാറിയിട്ടുണ്ട്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഇപ്പോഴും കൂടുതൽ വാഹനങ്ങളും ഓടുന്നുണ്ട്. ഷെഡ്യൂളും ക്യാൻസലേഷനും എന്നു പറയുന്നത് ഇപ്പോഴും 27 ശതമാനം മാത്രമേയുള്ളൂ.

ശ്രീ. ഇ. കെ. നായനാർ: വയനാട്ടിൽ 172 ബസ്സുകളുള്ളതിൽ 120 ബസ്സുകളേ ഓടുന്നുള്ളൂ. ബാക്കി കട്ടപ്പുറത്ത് വച്ചിരിക്കുകയാണ്. അവിടെ പ്രൈവറ്റ് ബസ്സിനു ഓവർലാപ്പിംഗ് കൊടുത്തിട്ടുണ്ട്. അങ്ങനെ പ്രൈവറ്റ് ബസ്സിനു ഓവർലാപ്പിംഗ് കൊടുത്തവകയിൽ ഒരു ബസ്സിനു പതിനായിരത്തോളം രൂപയുടെ കറപ്ഷൻ നടന്നുവെന്ന് പത്ര റിപ്പോർട്ടുകളും കണ്ടു. അതിൽ സത്യമുണ്ടോ? എത്ര ബസ്സുകൾക്ക് ഓവർലാപ്പിംഗ് കൊടുത്തിട്ടുണ്ട്? 52 ബസ്സുകളും ഓടുന്നില്ല എന്ന് മന്ത്രി ഇവിടെ പറഞ്ഞു.

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. ബസ്സുകൾ ധാരാളമായി ഓടിക്കാൻ കഴിയാത്തതുകൊണ്ട് കഴിഞ്ഞ വർഷമാണ് അവിടെ ഓവർലാപ്പിംഗ് കൊടുക്കുന്നതിനു ഗവൺമെൻറ് തീരുമാനമെടുത്തതും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതും. അതിനെത്തുടർന്ന് ഓവർലാപ്പിംഗ് കൊടുക്കാനെടുത്ത നടപടികളുടെ ഭാഗമായി, വയനാട് ജില്ലയിൽ ഇപ്പോഴും നാല് ബസ്സുകൾക്കാണ് ഓവർലാപ്പിംഗിനു അവസരം കൊടുത്തിട്ടുള്ളത്. വയനാട് ജില്ല സമ്പൂർണ്ണമായി ദേശവൽക്കരിക്കുന്നതിനു മുൻപ് രണ്ടുഡസനിൽ താഴെ ബസ്സുകളും മാത്രമേ സർവ്വീസ് നടത്തിയിരുന്നുള്ളൂ. ദേശവൽക്കരണത്തെ തുടർന്ന് ഇപ്പോൾ 122 ബസ്സുകളും കെ. എസ്. ആർ. ടി. സി. അവിടെ സർവ്വീസ് നടത്തുന്നുണ്ട്. സ്വകാര്യബസ്സുകളും സർവ്വീസ് നടത്തിയതിന്റെ എത്രയോ ഇരട്ടി ബസ്സുകളാണ് ഇപ്പോൾ വയനാട്ടിൽ സർവ്വീസ് നടത്തുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച മറ്റ് കാര്യങ്ങളെക്കുറിച്ച്, ഞാൻ അദ്ദേഹവുമായി ചർച്ച ചെയ്തതിനു ശേഷം നടപടി സ്വീകരിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വയനാട്ടിൽ യാത്രാപ്രശ്നം രൂക്ഷമായതിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയേറ്റ് എല്ലാവരും ഒരേസമയത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അല്ലേ ഓവർലാപ്പിംഗ് അനുവദിച്ചത്. വയനാട്ടിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യിലെ ബസ്സുകൾ റിപ്പെയർ ചെയ്യുന്നതിനു, മാനന്തവാടി, കൽപ്പറ്റ തുടങ്ങിയ സ്ഥലങ്ങളിലുള്ള ഗ്യാരേജിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തിയാലേ പരിപൂർണ്ണമാകുകയുള്ളൂ എന്നത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: വയനാട് ജില്ലയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ആ ജില്ലയിൽ നിന്നുള്ള എം. എൽ. എ. മാരായ രാഘവൻ മാസ്റ്ററും രാമചന്ദ്രൻമാസ്റ്ററും സഹകരണ വകുപ്പുമന്ത്രിയുമെല്ലാം ഗവൺമെൻറിനോട് ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഓവർലാപ്പിംഗ് അനുവദിച്ചത്. ജൂലൈ മാസം 31-നു മുൻപ് ഒരു കോടി രൂപ ഉപയോഗപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും ദേശവൽക്കരിച്ച മേഖലയിലെ ഷെഡ്യൂളും ക്യാൻസലേഷൻ ഒഴിവാക്കുന്നതിനു ഗവൺമെൻറ് നടപടികളും സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ഷെഡ്ഡിൽ കിടക്കുന്ന ബസ്സുകളുടെ എണ്ണം തന്നിട്ടുള്ളത് വളരെയധികം ആശങ്കയ്ക്ക് വക നൽകുന്നതാണ്. നാൽപ്പത്, നാൽപ്പത്തഞ്ച് ശതമാനം ബസ്സുകൾ കേടായി കിടക്കുന്നുണ്ട്. എറണാകുളം ബസ് സ്റ്റേഷന്റെ സമീപത്തുകൂടി പോയാൽ ഒരു കാഴ്ച കാണാം. ഒന്നുരണ്ടുപ്രാവശ്യം ഞാൻ ബസ്സുകളുടെ നമ്പർ നോക്കിവച്ചു. വളരെയധികം ബസ്സുകൾ ഒരു കൊല്ലത്തിൽ കൂടുതൽ അവിടെ കിടക്കുന്നത് കണ്ടു. പുതിയ ബസ്സുകൾ വേണമെന്നുള്ള വ്യഗ്രത നല്ലതാണ്. ഇന്നുള്ള ബസ്സുകളെല്ലാം റിപ്പെയർ ചെയ്തിട്ടില്ല. റിപ്പെയർ ചെയ്യാൻ പറ്റാത്തവ അടിയന്തിരമായി ഓക്ഷൻ ചെയ്ത് വിൽക്കണം, അടിയന്തിരമായി ബസ്സുകൾ റിപ്പെയർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഗ്യാരേജുകളിൽ 621 ബസ്സുകളും വർക്ഷോപ്പുകളിൽ 224 ബസ്സുകളും ഡിപ്പോകളിൽ 42 ബസ്സുകളും റിപ്പെയറിനുവേണ്ടി കിടക്കുന്നുണ്ട്. അതിൽ 300 ബസ്സുകൾ എങ്ങനെയെങ്കിലും റിപ്പെയർ ചെയ്ത് റോഡിലിറക്കിയാലും കൂടുതൽ കാലം ഉപയോഗപ്പെടുത്താൻ കഴിയുകയില്ല. അത്തരം ബസ്സുകൾ ഓക്ഷൻ ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ദൗർഭാഗ്യകരമായ ഒരു വാർത്ത ഇന്നത്തെ മലയാള മനോരമയിൽ വന്നു. അങ്ങനെയുള്ള 300 ബസ്സുകൾ ഓക്ഷൻ ചെയ്ത് വിറ്റ് മോട്ടോർ വെഹിക്കിൾസ് ടാക്സ് അടയ്ക്കേണ്ടി വരുന്ന ബാദ്ധ്യതയും, യാത്രക്കാർക്കുണ്ടാകുന്ന ദുരിതങ്ങളും കണക്കിലെടുത്തുകൊണ്ട്, കെ.എസ്. ആർ. ടി. സി. മുതലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ, ഇത്രയും ബസ്സുകൾ വിൽക്കുന്നത് ദൂരുദ്ദേശപരമായ പ്രവണത ആണെന്ന് വാർത്ത വന്നാൽ എങ്ങനെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

ശ്രീ. കെ. പി. എ. മജീദ്: പഴയ മോഡൽ ബസ്സുകൾ-ഉപയോഗശൂന്യമായി കിടക്കുന്നതിൽ എത്ര സ്പെയർപാർട്ടുകൾ ഇപ്പോഴുണ്ട്. അത് എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. വേലായുധൻ: പഴയ മോഡൽ ബസ്സുകളുടെ ധാരാളം സ്പെയർപാർട്ടുകൾ ഡെഡ്സ്റ്റോക്കായിട്ട് കെ. എസ്. ആർ. ടി. സി.യുടെ കൈവശം പല ഡിപ്പോകളിലും ഇപ്പോഴുണ്ട്. ഡെഡ്സ്റ്റോക്ക് എത്രയുണ്ടെന്ന് നിശ്ചയിച്ചിട്ട് അത് ഓക്ഷൻ ചെയ്ത് വിൽക്കുന്നതിനുള്ള നടപടികളാണ് കെ. എസ്. ആർ. ടി. സി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഏതാണ്ട് പത്തുലക്ഷത്തോളം രൂപയുടെ ഡെഡ്സ്റ്റോക്ക് ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: കെ. എസ്. ആർ. ടി. സി. യിൽ ബസ്സുകൾ ഓടിക്കുന്നതിനും സ്പെയർപാർട്ട്സ്, ടയർ മുതലായവ വാങ്ങുന്നതിനും പുതിയ ബസ്സുകൾ വാങ്ങുന്നതിനും, ഉള്ളവ മെയിന്റയിൻ ചെയ്യുന്നതിനും കാശില്ലെന്നു മന്ത്രി ഇവിടെ പറഞ്ഞു. 12 കോടി രൂപ ടാക്സിനത്തിൽ കെ. എസ്. ആർ. ടി. ഗവൺമെൻറിലേക്ക് കൊടുക്കാനുണ്ടെന്ന് ബഡ്ജറ്റ് രേഖകളിൽ പറഞ്ഞിട്ടുണ്ട്. അതു കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട ടാക്സ് സർച്ചാർജ് ഉൾപ്പെടെ 8 കോടിയിലധികം വരികയില്ല. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ വർഷങ്ങളായി കെ. എസ്. ആർ. ടി. സി. ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട ടാക്സ് സർച്ചാർജ് ഉൾപ്പെടെ 39 കോടി 28 ലക്ഷത്തിൽപ്പരം ഉറുപ്പികയുണ്ട്. അതു ഈടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പ്രതിമാസം ഒരു കോടി രൂപവീതം കെ. എസ്. ആർ. ടി. സി. ഗവൺമെന്റിലേക്ക് അടച്ചുകൊണ്ടിരിക്കുകയാണ്. ഡീസൽ വാങ്ങിയയിനത്തിൽ ഇൻഡ്യൻ ഓയിൽകോർപ്പറേഷന് പലിശസഹിതം പത്തര കോടിയോളം രൂപ കൊടുക്കാനുണ്ട്. അത് വസൂലാക്കാനുള്ള നടപടികളും അവർ സ്വീകരിക്കുകയും കൂടുതലായി ഇനിമേലിൽ എണ്ണ തരിക്കയില്ലെന്ന നിലപാടെടുത്തതിന്റെയും ഫലമായി അവർക്കുള്ള അറിയർ തീർക്കുന്നതിനുവേണ്ടി ഗവൺമെന്റിലേക്ക് അടച്ചുകൊണ്ടിരുന്ന ഒരുകോടി രൂപ തൽക്കാലം നിർത്തിവച്ചിട്ട് ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് പ്രതിമാസം ഒരു കോടി രൂപ എന്ന കണക്കിൽ അടച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ദിനകരൻ: 300 പുതിയ ബസ്സുകൾ വാങ്ങുമെന്നു മന്ത്രി പറഞ്ഞു. റയിൽവേ സൗകര്യം ഒട്ടുമില്ലാത്തതും, പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ടതും, അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാത്തതും, ജില്ലാ ആസ്ഥാനങ്ങളിലേക്കുപോലും ബസ് സർവ്വീസുകൾ നടത്താത്തതുമായ ആലപ്പുഴ ജില്ലാ ഡിപ്പോക്ക് ജില്ലാ ആസ്ഥാനമെന്ന പദവിതന്നെ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുള്ളതുകൊണ്ടും ജനങ്ങൾ സമരസജ്ജരായി നിൽക്കുന്നു എന്നുള്ളതുകൊണ്ടും കൂടുതൽ ബസ്സുകൾ ആലപ്പുഴയ്ക്ക് നൽകി അവിടത്തെ യാത്രാ അസൗകര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഇതു സംബന്ധിച്ച് ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യനുണ്ട്. എങ്കിലും ഞാൻ വിശദീകരിക്കാം. ആലപ്പുഴയിൽനിന്നു അന്തർസംസ്ഥാന സർവ്വീസ് തുടങ്ങണമെന്ന് ഒരു നിർദ്ദേശമുണ്ട്. അന്തർ സംസ്ഥാന സർവ്വീസാകുമ്പോൾ മറ്റ് സംസ്ഥാനവുമായി ഇതു സംബന്ധിച്ച് ഒരു ഡ്രാഫ്റ്റ് സ്കീം ഉണ്ടാക്കണം. ആ ഡ്രാഫ്റ്റ് സ്കീമിന്റെ അന്തിമരൂപമാകുന്നതേയുള്ളൂ. തീർച്ചയായും പുതിയ ബസ്സുകൾ വരുന്ന മുറയ്ക്ക് പഴയ ബസ്സുകൾ റീപ്ലെയിസ് ചെയ്യുന്നതാണ്. 3 ലക്ഷത്തിലധികം കിലോമീറ്റർ ഓടിയ ബസ്സുകൾ റീപ്ലെയിസ് ചെയ്തു കഴിഞ്ഞാൽ അവ വഴിയിൽ മുടങ്ങിക്കിടക്കാതിരിക്കും. റീപ്ലെയിസിനെ ഉദ്ദേശിച്ചാണിത്.

ശ്രീ. പി. കുമാരൻ: അട്ടപ്പാടി മേഖലയിലൂടെ ഓടിക്കൊണ്ടിരുന്ന തൃശ്ശൂർ—ആനക്കട്ടി, തൃശ്ശൂർ—പെരിന്തൽമണ്ണ—ആനക്കട്ടി ട്രാൻസ്പോർട്ട് ബസ്സുകൾ ഇപ്പോൾ ക്യാൻസൽ ചെയ്തിരിക്കുകയാണ്. അവ വീണ്ടും ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ആനക്കട്ടിയിലേക്ക് ഓടിക്കൊണ്ടിരുന്ന ബസ്സുകൾ ഓടിപ്പിക്കുവാൻ കഴിയുകയില്ല. കാരണം ഒരു കിലോമീറ്റർ ദൂരം വണ്ടിയോടുമ്പോൾ കിട്ടുന്നവരുമാനം ഒരു രൂപ 50 പൈസയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

താഴെ മാത്രമാണ്. ആവറേജ് വരുമാനം പോലുമില്ലാതെ ഇത്ര ഭീമമായ നഷ്ടം സഹിച്ചുകൊണ്ട് സർവ്വീസ് നടത്താൻ കഴിയുകയില്ലെന്നുള്ളതു കൊണ്ടാണ് അങ്ങനെ പറഞ്ഞത്. എന്നാൽ പാലക്കാട് ജില്ലയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരം മാനിച്ചുകൊണ്ട് ആ സർവ്വീസ് പുനരാരംഭിക്കാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ഒ. ഭരതൻ: നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനും എട്ടൊമ്പത് കൊല്ലം മുമ്പ് പാസ്സാക്കിയിട്ടുള്ളതാണ് നമ്മുടെ മോട്ടോർ വെഹിക്കിൾസ് ആക്ട്. കഴിഞ്ഞ പത്തുമുപ്പത്തെട്ട് വർഷങ്ങൾക്കുള്ളിൽ നമ്മുടെ രാജ്യത്ത് അനേകം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വ്യവസ്ഥകളാകെ കാലഹരണപ്പെട്ടിട്ടുണ്ട്. അതു കണക്കിലെടുത്ത് ഈ മോട്ടോർ വെഹിക്കിൾസ് ആക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ചു ഗവൺമെന്റ് ഗൗരവമായി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: കഴിഞ്ഞവർഷം വിളിച്ചുകൂട്ടിയ ഗതാഗതവകുപ്പുമന്ത്രിമാരുടെ കോൺഫറൻസിൽ 1936-ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് ഭേദഗതി ചെയ്യണമെന്നും സമൂലമായ മാറ്റങ്ങൾ വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സമൂലമായ മാറ്റങ്ങളോടു കൂടിയ ഒരു നിയമം പാർലമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. സെൻട്രൽ ആക്ടെന്നുള്ള നിലയിൽ ഇതു നിയമമാകുമ്പോൾ നമ്മുടെ സംസ്ഥാന ആക്ടിലും ഈ ആക്ടനുസരിച്ചു മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് സത്വരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: ഫണ്ടിന്റെ ലഭ്യതയനുസരിച്ചു പുതിയ ബസ്സുകൾ വാങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കെ. എസ്. ആർ. ടി. സി. ക്ക് ധനസഹായം നൽകുന്ന വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ പ്രമുഖമായ എൽ. ഐ. സി. ക്ക് രണ്ടര കോടിയിലധികം രൂപ വായ്പ കുടിശ്ശിക വരുത്തിയതുകൊണ്ട് കഴിഞ്ഞവർഷം എൽ.ഐ.സി., കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച വായ്പ ലിഫ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ കൂടുതൽ വായ്പകൾ എൽ. ഐ. സി. യിൽ നിന്നു നേടിയെടുക്കുന്നതിനുവേണ്ടി ഈ കുടിശ്ശിക കുറച്ചെങ്കിലും അടച്ചുതീർത്തു കൂടുതൽ ഫണ്ടിന്റെ ലഭ്യതയുണ്ടാക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: എൽ. ഐ. സി. ക്ക് പലിശയടക്കം 2 കോടി 34 ലക്ഷം രൂപയാണ് കെ. എസ്. ആർ. ടി. സി. കൊടുക്കാനുള്ളത്. എൽ. ഐ. സി. യുടെ ലോൺ പലിശയടക്കം തിരിച്ചടയ്ക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ചെയർമാനായിട്ടുള്ള കേരളാ ഹൗസിംഗ് ഫെഡറേഷൻ പോലുള്ള സ്ഥാപനങ്ങൾക്ക് എൽ. ഐ. സി. ധനസഹായം കൊടുക്കുകയില്ലെന്നു അറിയിച്ചതായി അടുത്തകാലത്ത് പത്രങ്ങളിൽ കാണുകയുണ്ടായി. എൽ. ഐ. സി. ക്ക് കൊടുത്തുതീർക്കാനുള്ള കടങ്ങൾ കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു വരികയാണ്.

ശ്രീ. വി. കെ. രാജൻ: ബഹുമാനപ്പെട്ട മന്ത്രി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ തകർന്ന ചിത്രം ഇവിടെ കാഴ്ചവച്ചു. ഒരൊറ്റ ബസ് മാത്രം ഓടുന്ന തിരുവനന്തപുരം—കൊടുങ്ങല്ലൂർ സർവ്വീസ് കഴിഞ്ഞ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങളായി ഒരിക്കൽപ്പോലും യഥാസമയം പോകാറില്ല. അങ്ങനെ ഒരു സർവ്വീസ് മാത്രമുള്ള പ്രദേശങ്ങളിലെ ബസ്സുകളെങ്കിലും മുടക്കം കൂടാതെയും ലാസ്റ്റ് ബസ് പുറപ്പെടുന്ന സമയത്തിന് ക്ലിപ്തത പാലിച്ചും ഓടിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: കണ്ണശ്ശാംകടവിൽനിന്നു തിരുവനന്ത പുരത്തേയ്ക്ക് പുറപ്പെടുന്നതും കൊടുങ്ങല്ലൂർനിന്നു തിരുവനന്തപുര ത്തേയ്ക്ക് പുറപ്പെടുന്നതുമായ വണ്ടികൾ 3 ലക്ഷത്തിലധികം കിലോമീറ്റർ ഓടിയിട്ടുള്ളതാണ്. അവപലപ്പോഴും പലകാരണങ്ങളാൽ ബ്രേക്ക്ഡൗണായി കിടക്കുന്നുണ്ട്. അങ്ങനെയുള്ള 15 എക്സ്പ്രസ് ബസ്സുകളുണ്ട്. 20 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുമുണ്ട്. ഇങ്ങനെയുള്ളവ റീപ്ലെ യിസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗ ത്തിന്റെ പരാതിക്ക് പരിഹാരം കണ്ടെത്താൻ കഴിയും.

ശ്രീ. സി. ടി. കൃഷ്ണൻ: പുതുതായി ആരംഭിക്കുന്ന ഓപ്പറേഷൻ സെൻറുകളിലും സബ് ഡിപ്പോകളിലും ഉപയോഗിക്കാൻ പറ്റാത്ത ബസ്സുകളാണ് കൂടുതൽ കൊടുക്കുന്നത്. ഉദാഹരണമായി ആലത്തൂ രിലെ വടക്കഞ്ചേരി ഓപ്പറേഷൻ സെൻറിൽ 13 ഷെഡ്യൂളുകൾ ആരംഭിച്ചു. മാസങ്ങൾക്കകംതന്നെ അവ നിർത്തലാക്കി. ഇപ്പോൾ 7 ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിരിക്കുകയാണ്. പുതുതായി 300 ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നെന്നു പറഞ്ഞു. പുതിയ ബസ്സുകൾ വാങ്ങുമ്പോഴെങ്കിലും ഇത്തരം സ്ഥലങ്ങൾക്ക് പ്രയോറിറ്റി കൊടുക്കുമോ; പുതിയ 4 ബസ്സെങ്കിലും ഇവിടെ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ മാസം 31-ാം തീയതിയോടുകൂടി റോഡ് ഓഫ് ആയിക്കിടക്കുന്ന മുഴുവൻ ബസ്സുകളും റോഡിലിറക്കി ഓടിപ്പിക്കുവാൻ കഴിയും. ബഹുമാനപ്പെട്ട അംഗം നേരത്തെതന്നെ സൂചിപ്പിച്ചിരുന്ന ഇക്കാര്യം പ്രത്യേകം പരിശോധി ച്ചുവരികയാണ്.

ശ്രീ. പി. സീതിഹാജി: നമ്മുടെ സംസ്ഥാനത്തു ഏറ്റവും അധികം യാത്രാക്ലേശം അനുഭവിക്കുന്ന ജില്ലയാണ് വയനാട് ജില്ല. അവിടെയെല്ലാം ദേശസാൽകൃത റൂട്ടുകളാണുള്ളത്. അവിടെ എല്ലാ റൂട്ടുകളിലും ഓടിക്കു ന്നതിന് ബസ്സുകളുടെ കുറവുണ്ടെന്നും മന്ത്രി പറഞ്ഞു. പുതിയ തായി ഉണ്ടാകുന്ന ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി റോഡു കളിൽ പ്രൈവറ്റ് ബസ്സുകാർ റൂട്ടിന് അപേക്ഷിച്ചാൽ കെ. എസ്. ആർ. ടി. സി. യുടെ ഒബ്ജക്ഷൻമൂലം റൂട്ട് അനുവദിക്കാതിരിക്കുകയും ഇവർക്ക് പുതിയ ബസ്സു കൊടുക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴുത്തിലെ ശുനകന്റെ സ്വഭാവം മാറാൻ കെ. എസ്. ആർ. ടി. സി. തയ്യാറുകുമോ?

ശ്രീ. പി. കെ. വേലായുധൻ: ഓവർ ലാപ്പിങ് അനുവദിച്ചത് രണ്ടു പോയിൻറുകൾക്കാണ്. കല്പറയിൽനിന്നും കോഴിക്കോടിന് പോകുന്ന റൂട്ടിൽ രണ്ടു പോയിൻറ് എന്ന് പറയുന്നത് ചുണ്ടയും വൈത്തിരിയു മാണ്. അതിന്റെ പരമാവധി ദൂരം ആറ് കിലോമീറ്ററാണ്. കല്പ റയിൽനിന്നും മേപ്പാടിവരെയുള്ളതും രണ്ടു പോയിൻറാണ്. അത് ഏകദേശം 20 കിലോമീറ്റർ വരും. അവിടെ സഹകരണ ഓപ്പറേറേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ള ഒരു നയം കല്പറേയിൽ നിന്നും വെത്തിരിയിലേക്ക് അപേക്ഷിക്കുന്നതിന് പകരം കൂടുതൽ ദൂരമുള്ള, കൂടുതൽ വരുമാനം കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന സ്ഥലത്തേക്ക് ഓവർലാപ്പിങ്ങിനു വേണ്ടി ശ്രമിക്കുക എന്നതാണ്. കല്പറേയിൽനിന്നും തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് ജോലിക്കുവരുന്ന ജീവനക്കാർക്ക്, തോട്ടം തൊഴിലാളികൾക്ക്, ബഹുജനങ്ങൾക്ക് എല്ലാംതന്നെ അവരെ വീടുകളിൽ സമയത്തു എത്തിക്കുന്നതിനുവേണ്ടിയാണ് ഓവർലാപ്പിങ്ങ് സർവ്വീസ് നടത്തുന്നതിന് അനുവദിച്ചത്. പക്ഷേ ഈ പോയിൻറിലുള്ള വ്യത്യാസമനുസരിച്ച് സ്വകാര്യ ബസ്സുടമകൾ ദൂരം കൂടുതലുള്ള പോയിൻറുകളിൽ ബസ് ഓടിക്കാൻ ശ്രമിക്കുകയും ചെറിയ ദൂരമുള്ള പോയിൻറുകളിൽ ഓവർലാപ്പിങ്ങിന് ശ്രമിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ്, കെ. എസ്. ആർ. ടി. സി. ക്ക് മൊണോപ്പൊളിയുള്ള റൂട്ടുകളിൽ അവർ ഓവർലാപ്പിങ്ങിന് ശ്രമിക്കുമ്പോഴാണ് ആർ. ടി. എ. ഒബ്ജക്ഷൻ റെയ്സ് ചെയ്തിട്ടുള്ളത്. അതല്ലാതെ മറെറാന്നും ഉണ്ടായിട്ടില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഷെഡ്യൂളുകൾ ക്യാൻസൽ ആക്കുമ്പോൾ ഒരു ബസ് മാത്രം ഓടുന്ന പ്രദേശങ്ങളിലെ ഷെഡ്യൂളുകൾ ക്യാൻസൽ ആക്കുന്ന ഒരു പ്രവണതയുണ്ട്. അതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഷെഡ്യൂളുകൾ ക്യാൻസലാക്കുന്ന സന്ദർഭങ്ങളിൽ ഒരു ബസ്മാത്രം ഓടുന്ന റൂട്ടുകളിൽ ക്യാൻസൽ ചെയ്യരുതെന്ന് നിർദ്ദേശം കൊടുക്കുവാൻ തയ്യാറാകുമോ? ക്യാൻസൽ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ അത് പുന:സ്ഥാപിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീ. പി. കെ. വേലായുധൻ: ഓരോ സർവ്വീസുകൾ മാത്രം നടത്തുന്ന ദേശസാൽകൃത റൂട്ടുകളിലൊന്നും ക്യാൻസൽ ചെയ്യേണ്ട എന്ന് ഗവൺമെൻറു തീരുമാനിച്ചിട്ടില്ല. എന്നാൽ 10-60 വരെ ബസ്സുകൾ ഓടുന്ന ചില പ്രദേശങ്ങളിൽ, എറണാകുളം—തൃശ്ശൂർ തുടങ്ങിയ സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലും സ്വകാര്യ ബസ്സുകൾ ഓടുന്ന ഒരു സ്ഥലത്തു കെ. എസ്. ആർ. ടി. സി. ഒരു സിംഗിൾ സർവ്വീസ് നടത്തിയതുകൊണ്ടോ, യാതൊരു പ്രയോജനവുമില്ല. അതിൽ യാത്രക്കാർ കൂടുതൽ സഞ്ചരിക്കും എന്ന് പ്രതീക്ഷിക്കുന്നത് അബദ്ധമാണ്. എന്നാൽ മെയിൽ കൊണ്ടുപോകുന്നതും കൺസഷൻ ഉള്ളതും നാല്പതിലധികം കുട്ടികളുള്ളതുമായ ഒരു പ്രദേശത്തെ സർവ്വീസ്, പത്രക്കെട്ടുകൾ കൊണ്ടുപോകുന്ന സർവ്വീസ് തുടങ്ങിയ ഇതുപോലുള്ള സിംഗിൾ സർവ്വീസുകൾ ഒന്നും ക്യാൻസൽ ആക്കേണ്ട എന്നും മറ്റു കാര്യങ്ങൾ പരിശോധിക്കുവാനുമാണ് കെ. എസ്. ആർ. ടി. സി. യോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവന കണ്ടു, സമ്പൂർണ്ണമായും ദേശസാൽക്കരിച്ചിട്ടുള്ള പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കാൻ പോകുന്നുവെന്ന്. ഗുരുവായൂർ കേന്ദ്രമാക്കി ഓടുന്ന പല ഷെഡ്യൂളുകളും ക്യാൻസൽ ചെയ്തു പ്രൈവറ്റ് പാർട്ടികൾക്ക് റൂട്ട് വിട്ടുകൊടുക്കുകയും ചെയ്തു. ഇങ്ങനെയാണോ ഇത് കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നത്; ക്യാൻസലേഷനോടൊപ്പം പ്രൈവറ്റ് പാർട്ടികൾക്ക് റൂട്ട് വിട്ടുകൊടുക്കുന്നതിൻെറ മാനദണ്ഡമെന്താണ്; അത് തടയാൻ വല്ല ഏർപ്പാടുകളും ഉണ്ടാക്കാൻ കഴിയുമോ? സ്വകാര്യമുതലാളിമാർക്ക് ഏൽപ്പിച്ചുകൊടുക്കുവാനുള്ള ഒരു നയമാണോ കെ. എസ്. ആർ. ടി. സി. കൈക്കൊണ്ടിട്ടുള്ളത്? അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച തിലെ പൊരുൾ എനിക്ക് മനസ്സിലായിട്ടുണ്ട്. അങ്ങനെയൊരു നയം കെ. എസ്. ആർ. ടി. സി. സ്വീകരിച്ചിട്ടില്ല. സ്വകാര്യ മുതലാളിമാരെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികളും കെ. എസ്. ആർ. ടി. സി. യുടെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ കൊടുക്കുന്നത് വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ഉൾക്കൊള്ളുന്ന ആർ. ടി. എ. കമ്മിറ്റികളാണ്. കെ. എസ്. ആർ. ടി. സി. യുടെ പ്രതിനിധികളും ആ കമ്മറ്റിയിൽ അംഗങ്ങളാണ്. കെ. എസ് ആർ. ടി. സി. യുടെ സർവ്വീസിനെ ബാധിക്കാത്തവിധമുള്ള ടൈമിങ്ങും ഷെഡ്യൂളും മാത്രമേ ഫൈനലൈസ് ചെയ്യുന്നതിനു സമ്മതിക്കുകയുള്ളൂ. അങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ നിർദ്ദേശം ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നതാണ്.

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിൽ മൂവായിരത്തോളം ഷെഡ്യൂളുകൾ ഉള്ളതിൽ വണ്ടി ഓടിക്കുന്നതിന് 3633 ബസ്സുകൾ വേണമെന്ന് പറഞ്ഞു. ഇപ്പോൾ മൂവായിരം ബസ്സുകളെ ഉള്ളൂ. അപ്പോൾ അറുന്നൂറോളം ബസ്സുകൾ ഇനി വേണം. മന്ത്രി ഇപ്പോൾ പറഞ്ഞ കണക്കനുസരിച്ച് മുഴുവൻ ബസ്സുകളും ഓപ്പറേറ്റ് ചെയ്യണമെങ്കിൽ. മറ്റൊരു ചോദ്യത്തിനുത്തരമായി അദ്ദേഹം പറഞ്ഞത് ഏകദേശം എണ്ണൂറോളം ബസ്സുകൾ വർക്ക് ഷോപ്പിൽ കിടക്കുന്നുവെന്നാണ്. അങ്ങനെ മൊത്തം 1400 ബസ്സുകൾ കൂടി വേണം. 3000 ഷെഡ്യൂളുകൾ ഉള്ളതിൽ 2000 ഷെഡ്യൂളുകൾ മാത്രമേ ഓപ്പറേറ്റ് ചെയ്യാൻ കഴിയൂ. ഇക്കൊല്ലം വാങ്ങാൻ ഉദ്ദേശിക്കുന്നത് 300 ബസ്സുകളാണ്. ഈ നിലയിൽ 16 കൊല്ലം കഴിഞ്ഞാലും ഇങ്ങനെ 300 ബസ്സുകൾ വീതംവെച്ച് വാങ്ങിച്ചാൽ നമ്മുടെ ഷെഡ്യൂളുകൾ മുഴുവനും ഓപ്പറേറ്റ് ചെയ്യാൻ കഴിയുകയില്ല. ബസ്സുകൾ വാങ്ങാൻ പണമില്ലാതെ ബുദ്ധിമുട്ടുന്ന ഈ കോർപ്പറേഷൻ പെരുമ്പാവൂർ പണിതുവച്ചിരിക്കുന്നതുപോലുള്ള കൂറ്റൻ കെട്ടിടങ്ങൾ പണിത് ഭൂനങ്ങൾക്കോ കോർപ്പറേഷനോ ഉപകാരമില്ലാതെ അനധികൃതമായ ഈ കൺസ്ട്രക്ഷൻ അവസാനിപ്പിച്ച് മേലിൽ ബസ്സുകൾ വാങ്ങുന്നതിനുമാത്രം പണം ചെലവഴിക്കും എന്നുള്ള ഒരു ധീരമായ നടപടി സ്വീകരിക്കുവാൻ മന്ത്രിക്ക് കഴിയുമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. ഗ്യാരേജുകൾക്കും ഓപ്പറേറ്റിങ് സെൻറുകൾക്കും ഡിപ്പോകൾക്കും സബ് ഡിപ്പോകൾക്കും ഹെഡ്ഡാഫീസിനുമൊക്കെ സ്വന്തമായ ആസ്ഥാനം ഉണ്ടാകേണ്ടതാണ്. അതിനുള്ള നടപടികൾ കെ. എസ്. ആർ. ടി. സി. സ്വീകരിച്ചിട്ടുണ്ട്. പക്ഷേ യാതൊരു നിയന്ത്രണവുമില്ലാതെ കെട്ടിടങ്ങൾ പണിയുകയും ഭീമമായ തുക ചെലവഴിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ കെ. എസ്. ആർ. ടി. സി.യിൽ ഉണ്ടായിരുന്നു. വരുന്ന ആറുമാസക്കാലത്തേയ്ക്ക് സിവിൽ വർക്കുകൾ ഒന്നും ഏറ്റെടുക്കേണ്ടതില്ലെന്നും നിലവിലുള്ള വർക്കുകൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നുമാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് പുതിയ സബ് ഡിപ്പോകളോ, ഓപ്പറേറ്റിങ് സെൻറുകളോ കെ. എസ്. ആർ. ടി. സി.ക്ക് ആരംഭിക്കാൻ ഉദ്ദേശമില്ല. എന്നാൽ അഞ്ച് ഏക്കർ സ്ഥലവും കെ. എസ്. ആർ. ടി. സി. നിർദ്ദേശിക്കുന്ന പ്ലാനോടുകൂടിയ ഗ്യാരേജുകൾ പണിതുതരാൻ പഞ്ചായത്തുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

മാർ തന്നെ മുൻകൈയെടുത്തു രൂപീകരിച്ചിരിക്കുന്ന ഡവലപ്പ്മെൻറ് കമ്മിറ്റികളോ തയ്യാറാവുകയാണെങ്കിൽ അവിടെ പുതിയ പത്തു ബസ്സുകൾ വീതം കൊടുക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: കെ. എസ്. ആർ. ടി. സി. ക്ക് ഓർഡിനറി ബസ്സുകളാണ് നഷ്ടമുണ്ടാക്കുന്നതെന്നും അതുകൊണ്ട് ഓർഡിനറി ബസ്സുകൾ നിർത്തലാക്കാൻ പോവുകയാണെന്നും മനോരമ പത്രത്തിൽ പ്രാധാന്യത്തോടുകൂടി ഒരു റിപ്പോർട്ടുണ്ടായിരുന്നു. ഓർഡിനറി ബസ്സുകൾ നിർത്തലാക്കാനുള്ള നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ സമ്പൂർണ്ണ ദേശവൽക്കൃത റൂട്ടുകളിൽ ഓർഡിനറി ബസ്റൂട്ടിനു പകരം എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നത്?

ശ്രീ. പി. കെ. വേലായുധൻ: ചില പ്രചരണമാദ്ധ്യമങ്ങൾ നമ്മൾ എന്തെങ്കിലുമൊന്നു പറയുമ്പോൾ, കാള പെറ്റെന്നു കേട്ടാൽ കയറെടുക്കുന്നതുപോലെയാണ് റിപ്പോർട്ട് ചെയ്യുന്നത്. ഞാൻ ഉദ്ദേശിച്ചതും സൂചിപ്പിച്ചതും അറുപതും അറുപത്തഞ്ചും സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്ന സ്ഥലങ്ങളിൽ ഒരേയൊരു കെ. എസ്. ആർ. ടി. സി. ബസ് അവയ്ക്കിടയിൽ സർവ്വീസ് നടത്തുന്നത് പ്രായോഗികമല്ലാത്തതുകൊണ്ട് അത് പിൻവലിക്കുന്നതിനാണ്. പിൻവലിക്കുമ്പോൾ റിസർവേഷൻ നോക്കേണ്ടതുണ്ട്. തപാലുകൾ കൊണ്ടുപോകുന്ന വണ്ടികളും കുട്ടികളെകൊണ്ടുപോകുന്ന വണ്ടികളും പത്രക്കെട്ടുകൾ കൊണ്ടുപോകുന്ന വണ്ടികളും പിൻവലിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. ഏതായാലും ഇത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പരിശോധിക്കുവാനും അന്വേഷിച്ച് റിപ്പോർട്ട് തരുവാനുമാണ് കെ. എസ്. ആർ. ടി. സി. യോട് ആവശ്യപ്പെട്ടിട്ടുള്ളത്. ആ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്കുമാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, പുതിയ ബസ്സുകൾ വാങ്ങിയാൽ മാത്രമേ പുതിയ ഷെഡ്യൂളുകൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ പുതിയ ബസ് സ്റേഷനും സബ് ഡിപ്പോയും അനുവദിക്കുന്നില്ലെന്നും സൂചിപ്പിച്ചു. ഇരുപത്തയ്യായിരം രൂപ വരെ സെൻറിനു വിലയുള്ള ഏറ്റുമാനൂരിൽ രണ്ടരയേക്കർ സ്ഥലം നൽകിയതാണ്. അവിടെ വണ്ടികൾ കയറിയിറക്കാനുള്ള സൗകര്യത്തിനുവേണ്ടിയെങ്കിലും റോഡുകൾ മെറ്റൽചെയ്തു, ടാർ ചെയ്തു സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ആറു മാസത്തിനുള്ളിൽ അസാദ്ധ്യമായ ഒരു നിർദ്ദേശമാണിത്. ആറു മാസത്തിനുശേഷം ഇത് പരിഗണിക്കാം.

പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ

* 187 [218] ശ്രീ. എം. കെ. കേശവൻ:
,, പി. കുമാരൻ:
ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly